**Joseph Srampickal**
*Bishop,*
*Syro Malabar Eparchy of Great Britain*

Bishop's Office
Our Lady of Rosary and
St. Terese of Lisieux Church,
141, Parkfield Road
Saltley, Birmingham
United Kingdom
B8 3BB
Email: *bishop@csmegb.org*

Circular 15/2024 17 December 2024

# പ്രത്യാശയുടെ ജൂബിലിവർഷത്തിലേക്ക്

*''പ്രത്യാശ നമ്മെ നിരാശരാക്കുന്നില്ല'' (റോമ 5:5).*

മിശിഹായിൽ പ്രിയ സഹോദരീസഹോദരന്മാരേ,

2025 മനുഷ്യാവതാരത്തിന്റെ ജൂബിലി വർഷമായിട്ട് സാർവ്വത്രികസഭ ആചരിക്കുന്ന വിവരം നിങ്ങൾക്ക് അറിവുള്ളതാണല്ലോ. 2024 ഡിസംബർ 24-ന് പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപ്പാപ്പാ റോമിലെ സെന്റ് പീറ്റർ ബസിലിക്കയുടെ വിശുദ്ധ വാതിൽ തുറക്കുന്നതോടുകൂടെയാണ് സാർവ്വത്രികസഭയിൽ ജൂബിലി ആരംഭിക്കുന്നത്. റോമിലെ 4 മേജർ ബസിലിക്കകളിലും റെബിബ്ബിയ ജയിലിലും മാത്രമാണ് ജൂബിലിവർഷത്തിൽ വിശുദ്ധ കവാടങ്ങൾ തുറക്കുന്നത്. ജൂബിലി ആഘോഷത്തിന്റെ ഉദ്ദേശലക്ഷ്യങ്ങൾ ഫ്രാൻസിസ് മാർപ്പാപ്പാ പുറപ്പെടുവിച്ച *സ്പെസ് നോൺ കോൺഫുന്തിറ്റ്* (spes non confundit) എന്ന ശ്ലൈഹികരേഖയിൽ പ്രതിപാദിച്ചിട്ടുണ്ട്. അന്ധകാരത്തിൽ കഴിഞ്ഞ ജനം മഹത്തായ ഒരു പ്രകാശം കണ്ടതുപോലെ (ഏശയ്യാ 9:2) ഇന്നത്തെ ലോകത്തിൽ ധാരാളം പേർ നിരാശയിലൂടെയും പ്രതിസന്ധികളിലൂടെയും കടന്നുപോകുമ്പോൾ 2025 പ്രത്യാശയുടെ ഒരു വർഷമായിത്തീരട്ടെ എന്ന് ആശംസിക്കുന്നു. "പ്രത്യാശ നമ്മെ നിരാശരാക്കുന്നില്ല" (റോമാ 5 : 5) എന്നതാണ് ജൂബിലിയുടെ ആപ്തവാക്യം. യഥാർത്ഥ പ്രത്യാശ ഉത്ഥിതനായ കർത്താവിലാണ് നാം കണ്ടെത്തുന്നത്. അത് ദൈവസ്നേഹത്തിലും കരുണയിലും വിശ്വസ്തതയിലും അധിഷ്ഠിതമാണ്. ജൂബിലി വർഷത്തിന്റെ ലോഗോ വിഭാവനം ചെയ്തിരിക്കുന്നതുപോലെ പ്രതിസന്ധികളുടെയും പ്രക്ഷുബ്ധതയുടെയും നടുവിൽ ഒരു സമൂഹമായി ഏകരക്ഷകനായ കർത്താവിൽ ആശ്രയിച്ചു മുന്നോട്ടുപോകാൻ പ്രത്യാശയാണ് മനുഷ്യവംശത്തെ സഹായിക്കുന്നത്.

## എപ്പാർക്കിതല ഉദ്ഘാടനം

ജൂബിലിവർഷത്തിന്റെ ഔദ്യോഗിക ഉദ്ഘാടനം 2024 ഡിസംബർ 29 ഞായറാഴ്ച പരിശുദ്ധ പിതാവ് ഫ്രാൻസീസ് പാപ്പാ റോമിലെ ലാറ്ററൻ ബസിലിക്കയുടെ വിശുദ്ധ വാതിൽ തുറക്കുന്നതിലൂടെയാണ് ആരംഭിക്കുന്നത്. അന്നുതന്നെ പ്രസ്റ്റൺ മർത്ത് അൽഫോൻസാ കത്തീഡ്രൽ പള്ളിയിൽ വിശുദ്ധ കുർബാന അർപ്പിച്ചുകൊണ്ടാണ് നമ്മുടെ രൂപതയിൽ ജൂബിലിക്ക് തുടക്കം കുറിക്കുന്നത്. അതിനു മുന്നോടിയായി നാം പ്രാത്യാശയിലേക്കു തീർത്ഥാടനം നടത്തുന്നവരാണ് എന്ന സന്ദേശം നല്കിക്കൊണ്ട് മാർ സ്ലീവാ വഹിച്ചുകൊണ്ടുള്ള പ്രദക്ഷിണം ഉണ്ടായിരിക്കും. ജൂബിലിവർഷം മുഴുവൻ കത്തീഡ്രൽ ദേവാലയത്തിൽ വണക്കത്തിനുവേണ്ടി മാർ സ്ലീവാ പ്രതിഷ്ഠിക്കുന്നതാണ്. തുടർന്നുവരുന്ന ഞായറാഴ്ച (ജനുവരി 5) നമ്മുടെ എല്ലാ ഇടവകകളിലും മിഷനുകളിലും പ്രൊപ്പോസ് മിഷനുകളിലും തിരി തെളിയിച്ച് ജൂബിലി ആഘോഷങ്ങൾ ആരംഭിക്കേണ്ടതും അതിന്റെ പ്രാധാന്യത്തെക്കുറിച്ച് ജനങ്ങളെ ഉദ്ബോധിപ്പിക്കുകയും ജൂബിലി പ്രാർത്ഥന

ചൊല്ലേണ്ടതുമാണ്. ജൂബിലിവർഷത്തിൽ ഇംഗ്ലണ്ടിലെ മെത്രാൻ സമിതി സംഘടിപ്പിക്കുന്ന ജൂബിലി ഐക്കൺ പ്രയാണം 2025 ജനുവരി 27 മുതൽ 31 വരെ പ്രസ്റ്റൺ മർത്ത് അൽഫോൻസാ കത്തീഡ്രൽ പള്ളിയിൽ ഉണ്ടായിരിക്കും.

## ജൂബിലി തീർത്ഥാടനം

'പ്രത്യാശയുടെ തീർത്ഥാടകർ' എന്നതാണ് ജൂബിലിയുടെ വിഷയം. അതുകൊണ്ടുതന്നെ ജൂബിലി വർഷത്തിൽ തീർത്ഥാടനത്തിന് ഏറെ പ്രസക്തിയുണ്ട്. വിശ്വാസപ്രഘോഷണമാണ് ഓരോ തീർത്ഥാടനവും. നമ്മുടെ രൂപതയിലെ തീർത്ഥാടനകേന്ദ്രം നമ്മുടെ കത്തീഡ്രൽ ദേവാലയമാണ്. അതോടൊപ്പം നമ്മുടെ എപ്പാർക്കിയുടെ നേതൃത്വത്തിൽ നടത്തപ്പെടുന്ന എയ്ൽസ്ഫോർഡ്, വാൽസിങ്ഹാം തീർത്ഥാടനങ്ങളിൽ നിങ്ങളുടെ സജീവ സാന്നിദ്ധ്യം പ്രതീക്ഷിക്കുന്നു. കൂടാതെ ഈ വർഷം എപ്പാർക്കിയുടെ നേതൃത്വത്തിൽ മറ്റു തീർത്ഥാടനങ്ങൾ ക്രമീകരിക്കുന്നുണ്ട്. അതിന്റെ വിശദ വിവരങ്ങൾ ഉടൻ അറിയിക്കുന്നതാണ്.

## ആത്മീയജീവിതം

യഹൂദരുടെ ഇടയിൽ ഓരോ 50 വർഷവും ജൂബിലിവർഷം ആഘോഷിച്ചിരുന്നു. അവർക്കത് തങ്ങളുടെ അവകാശങ്ങളിലേക്കു തിരികെപ്പോകാനുള്ള വർഷമായിരുന്നു (ലേവ്യ 25: 8-17). നിരാശയിലും പാപത്തിന്റെ അടിമത്വത്തിലും കഴിയുന്നവർക്ക് പ്രത്യാശയിലേക്കും വിശുദ്ധിയിലേക്കും തിരിച്ചുവരാനുള്ള അവസരമാണിത്. നമ്മുടെ എപ്പാർക്കിയിൽ ആദ്ധ്യാത്മിക വർഷം ആചരിക്കുമ്പോൾ കൂദാശകളുടെ സ്വീകരണത്തിന് വളരെയേറെ പ്രാധാന്യമുണ്ട്. പ്രത്യേകിച്ച് വിശുദ്ധിയിലേക്ക് നമ്മെ നയിക്കുന്ന അനുരഞ്ജനകൂദാശ ആവശ്യമായ ഒരുക്കത്തോടെ സ്വീകരിക്കാൻ നാം തയ്യാറാകണം. അതോടൊപ്പം കുമ്പസാരിക്കാനുള്ള അവസരം തുടർച്ചയായ ഇടവേളകളിൽ എല്ലാവർക്കും ലഭ്യമാക്കണമെന്ന് ബഹുമാനപ്പെട്ട വൈദികരെ ഓർമ്മിപ്പിക്കുന്നു. വചനം വായിച്ചും യാമപ്രാർത്ഥനകൾ ചൊല്ലിയും നോമ്പും ഉപവാസവും എടുത്തും മനുഷ്യവംശത്തിന്റെ ഏക പ്രത്യാശയായ ഈശോയെ കൂടുതൽ വ്യക്തിപരമായി അറിയാൻ നമുക്ക് പരിശ്രമിക്കാം. ജൂബിലിയുടെ ഒരുക്കത്തിന്റെ ഭാഗമായി നമ്മൾ ആരംഭിച്ച സമ്പൂർണ്ണ ബൈബിൾ വായന ജൂബിലി വർഷത്തിലും തുടരുന്നതാണ്.

## ദണ്ഡവിമോചനം

സഭയുടെ ചരിത്രത്തിൽ ആദ്യത്തെ ജൂബിലി പ്രഖ്യാപിച്ചത് 1300-ൽ ബോണിഫസ് എട്ടാമൻ പാപ്പായുടെ കാലത്താണ്. ഓരോ 100 വർഷവും ജൂബിലി ആഘോഷിക്കാനാണു നിശ്ചയിച്ചത്. 1342-ൽ ക്ലമെന്റ് മാർപ്പാപ്പാ 100 വർഷത്തെ ജൂബിലി 50 വർഷത്തിലേക്ക് മാറ്റി. പിന്നീട് പോൾ രണ്ടാമൻ മാർപ്പാപ്പാ 25 വർഷങ്ങൾ കൂടുമ്പോൾ ഉള്ള ജൂബിലി പ്രഖ്യാപിക്കുകയും 1475-ൽ ആഘോഷിക്കുകയും ചെയ്തു. ഓരോ ജൂബിലിയും ദൈവത്തിന്റെ കാരുണ്യം പ്രത്യേകമായി അനുഭവിക്കാനുള്ള വർഷമാണ്. അതുകൊണ്ടുതന്നെ ഈ ജൂബിലിവർഷവും പ്രസാദവരത്തിലായിരുന്നുകൊണ്ട് ദണ്ഡവിമോചനം നേടാനുള്ള അവസരമാണ്. പാപത്തിന്റെ കാലിക ശിക്ഷയിൽ നിന്നും ഇളവ് ലഭിക്കുന്നതാണു ദണ്ഡവിമോചനം. എല്ലാ വിശ്വാസികൾക്കും തങ്ങൾക്കുവേണ്ടിയും മരിച്ചവർക്കുവേണ്ടിയും ദണ്ഡവിമോചനം നേടാവുന്നതാണ് (ccc 1471). ഇതിനായി മാർപ്പാപ്പായുടെ നിയോഗത്തിനായി പ്രാർത്ഥിക്കുകയും (1 സ്വർഗ്ഗ ; 1 നന്മ ; 1 തിത്വ), കുമ്പസാരിച്ച് വി. കുർബാന സ്വീകരിക്കുകയും ചെയ്യണം. ഈ ജൂബിലി വർഷം ദണ്ഡവിമോചനം നേടാനുള്ള അവസരങ്ങളെക്കുറിച്ചു വത്തിക്കാനിലെ അപ്പസ്തോലിക പെനിറ്റെൻഷറി വിശദീകരിക്കുന്നുണ്ട്. അതനുസരിച്ച് റോമിലും രൂപതാതലത്തിലുമുള്ള തീർത്ഥാടനങ്ങളിൽ പങ്കെടുക്കുക, ജൂബിലിയുമായി ബന്ധപ്പെട്ട പുണ്യസ്ഥലങ്ങൾ സന്ദർശിച്ച് ദിവ്യകാരുണ്യ ആരാധനയിലും ധ്യാനത്തിലും ആയിരിക്കുകയും അതിന്റെ അവസാനം വിശ്വാസപ്രമാണം ചൊല്ലി പരിശുദ്ധ അമ്മയുടെ മാധ്യസ്ഥ്യം തേടുക, കാരുണ്യപ്രവൃത്തികൾ ചെയ്യുക, തപശ്ചര്യകൾ പാലിക്കുക, രണ്ടാം വത്തിക്കാൻ കൗൺസിലിന്റെയും കത്തോലിക്ക മതബോധനത്തിന്റെയും അടിസ്ഥാനത്തിലുള്ള പഠനങ്ങളിൽ പങ്കെടുക്കുക, വെള്ളിയാഴ്ചകളിൽ ഉപവാസം എടുത്തു പരിത്യാഗപ്രവൃത്തികൾ ചെയ്യുക, സോഷ്യൽ മീഡിയയിൽ നിന്ന് വിട്ടുനിൽക്കുക, സമ്പാദ്യത്തിൽനിന്ന് ദാനം ചെയ്യുക, മതപരവും സാമൂഹ്യവുമായ കാര്യങ്ങളിൽ പ്രത്യേകിച്ച് ജീവൻ സംരക്ഷിക്കുന്ന പ്രവൃത്തികളിൽ ഏർപ്പെടുക, അനാഥരായ കുട്ടികളെയും, കഷ്ടതയിലായിരിക്കുന്ന യുവജനങ്ങളെയും, അഭയാർത്ഥികളെയും സഹായിക്കുക, നിശ്ചിത സമയം വോളണ്ടറി പ്രവർത്തനങ്ങളിൽ ഏർപ്പെടുക തുടങ്ങിയ മാർഗ്ഗങ്ങളിലൂടെ ദണ്ഡവിമോചനം നേടാവുന്നതാണ്. അതോടൊപ്പംതന്നെ

ഏകാന്ത ജീവിതം നയിക്കുന്നവർക്കും കാരാഗൃഹത്തിൽ ആയിരിക്കുന്നവർക്കും രോഗികൾക്കും പൊതുവായ വ്യവസ്ഥകൾ പാലിച്ചുകൊണ്ട് വത്തിക്കാനിലും രൂപതകളിലും നടക്കുന്ന തിരുകർമ്മങ്ങളിൽ ഓൺലൈനായി പങ്കെടുത്തുകൊണ്ടും ദണ്ഡവിമോചനം നേടാവുന്നതാണ്. ഈ വർഷം നമ്മുടെ കത്തീഡ്രൽ പള്ളിയിൽ വച്ച് നടത്തപ്പെടുന്ന പ്രധാന തിരുക്കർമ്മങ്ങളിൽ പങ്കെടുത്ത് മാർപ്പാപ്പായുടെ ആശീർവ്വാദം (Papal blessing) സ്വീകരിക്കുന്നതിലൂടെയും ദണ്ഡവിമോചനം പ്രാപിക്കാൻ കഴിയുമെന്ന് ഓർമ്മിപ്പിക്കട്ടെ. കഴിഞ്ഞ ഇരുപതുനൂറ്റാണ്ടുകളിൽ സഭയിലൂടെ പ്രവർത്തനനിരതനായിരിക്കുന്ന നമ്മുടെ കർത്താവീശോമിശിഹായെ മഹത്ത്വപ്പെടുത്തുന്നതിനും ജൂബിലിവർഷത്തിലെ മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് ദൈവത്തിന്റെ കാരുണ്യം അനുഭവിക്കുന്നതിനും ഈ അവസരം എല്ലാവരും ഉപയോഗപ്പെടുത്തണമെന്ന് ഞാൻ ആഹ്വാനം ചെയ്യുന്നു.

മിശിഹായിൽ സ്നേഹപൂർവ്വം,

+ Joseph Srampickal

യൗസേപ്പ് സ്രാമ്പിക്കൽ
ഗ്രേറ്റ് ബ്രിട്ടൺ സീറോ മലബാർ രൂപതാ മെത്രാൻ

CATHOLIC SYRO-MALABAR EPARCHY OF GREAT BRITAIN

---

NB: ഈ സർക്കുലർ ഗ്രേറ്റ് ബ്രിട്ടണിൽ സീറോ മലബാർ കുർബാന അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥലങ്ങളിലും 2024 ഡിസംബർ 22-നു വായിക്കേണ്ടതാണ് (അന്നു വിശുദ്ധ കുർബാന അർപ്പിക്കപ്പെടുന്നില്ലെങ്കിൽ വിശുദ്ധ കുർബാന അർപ്പിക്കുന്ന ഏറ്റവും അടുത്ത ഞായറാഴ്ച വായിക്കേണ്ടതാണ്).